## പതിനാലാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2570 — 17.06.2019 ലെ മറുപടിയ്ക്ക്

### <u>ഒറ്റപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഫലങ്ങൾ</u>

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് :** | | | **ശ്രീ.എ.കെ. ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** |
| (എ) | പട്ടികവർഗ്ഗ മേഖലയ്ക്ക് പുറത്ത് താമസിക്കുന്ന ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് പട്ടികവർഗ്ഗമേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഫലങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ അവർക്കായി പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | പട്ടികവർഗ്ഗ മേഖലയ്ക്ക് പുറത്തു താമസിക്കുന്ന ഒറ്റപ്പെട്ട കുടുംബങ്ങളിൽ താമസിക്കുന്നവർക്കായി സർക്കാർ 2016-17 -ൽ ആവിഷ്ക്കരിച്ച പദ്ധതിയാണ് പി.കെ.കാളൻ കുടുംബസഹായ പദ്ധതി. ഈ പദ്ധതി പ്രകാരം ഇത്തരം കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ കുടുംബ സന്ദർശനം നടത്തി നേരിട്ട് മനസ്സിലാക്കി കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കി. ഓരോ കുടുംബത്തിനും ആവശ്യമായി വരുന്ന പ്രധാന ആവശ്യങ്ങളെ മുൻഗണന അടിസ്ഥാനത്തിൽ പരിഗണിച്ച് പരിഹാരം കാണുന്ന രീതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. കുടുംബ കേന്ദ്രീകൃത പദ്ധതികൾക്ക് മുൻതൂക്കം നൽകി, പാർപ്പിടം, ശുദ്ധജലം, വൈദ്യുതി, ശുചിത്വ പരിപാടികൾ, ജീവനോപാധികൾ, ആരോഗ്യ പ്രവർത്തനങ്ങൾ, പോഷകാഹാരം നൽകൽ, വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ, പാരമ്പര്യ അറിവുകൾ പരിപോഷിപ്പിക്കൽ, പരമ്പരാഗത തൊഴിലുകൾ പരിപോഷിപ്പിക്കൽ, വനവിഭവ ശേഖരണവും മൂല്യവർദ്ധനവിനുള്ള പ്രവർത്തനങ്ങളും, നൈപുണ്യ വികസന പദ്ധതി നടപ്പിലാക്കുക എന്നിവയാണ് ഈ പദ്ധതിയിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | ഈ വിഭാഗത്തിൽപ്പെട്ട എത്ര കടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിനകം ഏതൊക്കെ ജില്ലകളിൽ കടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്; | (ബി) | കേരളത്തിൽ 419 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലായി 7679 കുടുംബങ്ങൾ ചിതറി കിടക്കുന്നുണ്ടെന്ന് കണ്ടെത്തി. ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട്, ആലപ്പുഴ ജില്ലകളിൽ കുടുംബാധിഷ്ഠിത മൈക്രോപ്ലാൻ തയ്യാറാക്കി നടപ്പിലാക്കി വരുന്നു. |
| (സി) | ഈ പദ്ധതിക്ക് 2019-20 ൽ എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്; വിശദമാക്കുമോ? | (സി) | 2019-20 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംബേദ്ക്കർ വികസന പദ്ധതിയുടെ ഒരു ഉപപദ്ധതിയായാണ് പി.കെ.കാളൻ പദ്ധതി ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. അംബേദ്ക്കർ വികസന പദ്ധതിയിൽ വകയിരുത്തിയ 100 കോടി രൂപയിൽ പി.കെ. കാളൻ പദ്ധതിയും നടപ്പിലാക്കാനാണ് പദ്ധതി രേഖ വിഭാവനം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ